നമ്പർ: 122/2015

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്ന് നമ്മുടെ കർത്താവ് ശിഷ്യഗണങ്ങളോടു പറഞ്ഞ വാക്ക് ഇന്നും സഭയ്ക്കുള്ള സന്ദേശമാണ്. ക്രിസ്തുവിലൂടെ കൈവന്ന രക്ഷയും തന്നിലൂടെ ആവിഷ്കരിക്കപ്പെട്ട ദൈവീക സ്നേഹത്തിന്റെ ശുശ്രൂഷയും ജീവിതത്തിലും പ്രവൃത്തിയിലും അന്വർത്ഥമാക്കി നമ്മുടെ കർത്താവിനെ സാക്ഷിക്കുവാൻ പരിശുദ്ധ സഭ നിയമിക്കപ്പെട്ടിരിക്കുന്നു. കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ, അവരുടെ മക്കൾ, കാൻസർ രോഗികൾ, അനാഥർ, നിരാലംബർ, വൃദ്ധർ എന്നിവർക്കും, പാർശ്വവൽക്കരിക്കപ്പെട്ട മറ്റനേകർക്കും ആശ്വാസവും ആലംബവുമായ അനേക സ്ഥാപനങ്ങൾ ഈ ദൗത്യസാക്ഷാത്കാരത്തിന്റെ സാക്ഷ്യഗോപുരങ്ങളാണ്. യാച്ചാരം, പൂന-ദേഹുറോഡ്, കാരാശ്ശേരി, കലഹണ്ടി, ഇറ്റാർസി, മക്കോഡിയാ, കുണിഗൽ, ബാംഗ്ലൂർ, ഭിലായ്, തുടങ്ങിയ സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളിലൂടെയുള്ള ആതുര സേവന പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ആൻഡമാൻസ് മിഷന്റെ പ്രവർത്തന കേന്ദ്ര കെട്ടിടത്തിന്റെ പണിപൂർത്തീകരിച്ച് കൂദാശ ചെയ്യുകയുണ്ടായി. കോട്ടയത്ത് അമയന്നൂരിൽ ആരംഭിക്കുന്ന വികലാംഗ ഭവന്റെ പണികൾ പൂർത്തിയായിവരുന്നു. ദൈവത്തിന്റെ അളവറ്റ കൃപയും സഭാമക്കളുടെ പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങളുമാണ് ഇവയുടെ വിജയത്തിന്റെ പിന്നിലെ പ്രേരണാശക്തി. വൈദികരുടെ പ്രോത്സാഹനവും മിഷനെപ്പറ്റിയുള്ള സഭാമക്കളുടെ താല്പര്യവുമാണ് ഓരോ വർഷവും മിഷൻസൺഡേ കവർ പിരിവ് വർദ്ധിച്ചുവരുന്നതിന്റെ കാരണം. ഈ വർഷം മുൻ വർഷത്തേക്കാൾ 1,86,134.62 രൂപാ അധികം ലഭിച്ചു എന്നത് സന്തോഷകരമാണ്.

പ്രിയരെ, ഈ വർഷത്തെ മിഷൻ സൺഡേ 2015 ജൂലൈ മാസം 5-ാം തീയതിയാണ്. പരിശുദ്ധ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേദിന പിരിവ് മുൻവർഷത്തേക്കാൾ അധികമായി നൽകുകയും ചെയ്യണം. കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭിവന്ദ്യ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പേർക്ക് സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-3, കേരളം എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2015 ജൂൺ മാസം 01 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.